**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ചാവക്കാട് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - ജനറൽ സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീമതി.അനിതകുമാരിക്കെതിരായ അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3204/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.10.2017

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.02.2015 തീയതിയിലെ ഇ 8(എസ്.സി 112/14/റ്റിഎസ്ആർ) 24457/2014 നം. കത്ത്

2.സർക്കാരിന്റെ 05.06.2017 തീയതിയിലെ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 22.10.2016 തീയതിയിലെ വി3-15155/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനവ്യാപകമായി വിജിലൻസ് നടത്തിയ പരിശോധനയുടെ ഭാഗമായി ചാവക്കാട് നഗരസഭയിൽ 30.07.2014 ൽ നടത്തിയ പരിശോധനയിൽ ടി ഓഫീസിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല എന്ന് കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയെന്ന് ആരോപിച്ച് ജനറൽ സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീമതി. അനിതകുമാരിയ്ക്കെതിരെ വകുപ്പ്തലനടപടി സ്വീകരിക്കാൻ പരാമർശം 1ലെ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അനിതകുമാരിക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ആയതിന് ടിയാൾ മറുപടി സമർപ്പിക്കുകയും ചെയ്തു.

കുറ്റാരോപണമെമ്മോയ്ക്ക് ശ്രീമതി. അനിതകുമാരിയുടെ മറുപടി പ്രകാരം മുൻപ് ജോലി ചെയ്തിരുന്ന നഗരസഭയിലൊന്നും ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ക്യാഷ് സംബന്ധമായ വിവരങ്ങൾ അതിൽ രേഖപ്പെടുത്തണമെന്ന് മേലുദ്യോഗസ്ഥർ പറഞ്ഞ് അറിവില്ലായിരുന്നുവെന്നും ആയതിനാലാണ് ജീവനക്കാരെക്കൊണ്ട് കർശനമായി വിവരങ്ങൾ എഴുതിക്കാൻ സാധിക്കാതെ വന്നതെന്നും അറിയിക്കുന്നു. വിജിലൻസ് നടത്തിയ പരിശോധനയെത്തുടർന്ന് ഇക്കാര്യം ഗൗരവമായിക്കണ്ട് ജീവനക്കാർക്ക് കർശനനിർദ്ദേശം നൽകിയിട്ടുള്ളതും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുള്ളതുമാണ് എന്നും തന്റെ ഭാഗത്ത്

മനപൂർവ്വമായവീഴ്ചയുണ്ടായിട്ടില്ല എന്നത് പരിഗണിച്ച് 30.04.2017 ൽ വിരമിച്ച തന്റെ മറുപടി സ്വീകരിച്ച് തുടർനടപടികളിൽനിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

കുറ്റാരോപണ മെമ്മോയിന്മേലുള്ള ശ്രീമതി. അനിതകുമാരിയുടെ മറുപടി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും നഗരസഭാഓഫീസിലെ ജീവനക്കാർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല എന്നതിനാൽ മേൽനോട്ടക്കുറവ് എന്ന കുറ്റം മാത്രമാണ് ശ്രീമതി.അനിതകുമാരിയ്ക്കെതിരെ ആരോപിച്ചിരുന്നത് എന്ന് കാണുന്നു. കൂടാതെ ടിയാൾക്കെതിരെ വകുപ്പ്തലനടപടിക്ക് മാത്രമാണ് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ശ്രീമതി.അനിതകുമാരി സേവനത്തിൽനിന്നും വിരമിച്ചുവെന്നതും ടിയാൾക്കെതിരെ ഗുരുതരമായ ആരോപണങ്ങളല്ല ഉന്നയിച്ചിട്ടുള്ളത് എന്നതും പരിഗണിച്ച് കുറ്റാരോപണമെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടി അംഗീകരിച്ച് ശ്രീമതി. അനിതകുമാരിയ്ക്കെതിരായ അച്ചടക്കനടപടിയിന്മേലുള്ള തുടർനടപടികൾ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി. അനിതകുമാരി, ജനറൽ സെക്ഷൻ സൂപ്രണ്ട്, ചാവക്കാട് നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ്(ഡി) വകുപ്പ്

ഡയറക്ടർ, വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ